# കേരളസർവകലാശാല

നം.പി.ആർ.208/2022

# പത്രക്കുറിപ്പ്

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 സെപ്റ്റംബർ 23, 28, ഒക്ടോബർ 3 എന്നീ തീയതികളിൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ പരീക്ഷകൾ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഒക്ടോബർ 3 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ 2022 ഒക്ടോബർ 7 ലേക്ക് മാറ്റിയിരിക്കുന്നു.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ്. (റെഗുലർ – 2018 സ്കീം, സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.ബി.എ. (ഫുൾടൈം) – സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 10 മുതൽ 14 വരെ

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം.) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്കുള്ള 2022 – 23 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 10 മുതൽ 14 വരെ അതാതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

## പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017, 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015, 2014, 2013 അഡ്മിഷൻ), ആഗസ്റ്റ് 2022 പരീക്ഷയുടെ സൈക്കോളജി & ബയോകെമിസ്ട്രി (കോർ & കോംപ്ലിമെന്ററി) കോഴ്സുകളുടെ പ്രാക്ടിക്കൽ ഒക്ടോബർ 12 മുതൽ അതാതു കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. (വയലിൻ), ബി.പി.എ. (മൃദംഗം) പരീക്ഷകളുടെ പ്രാക്ടിക്കൽ യഥാക്രമം ഒക്ടോബർ 10, 11 തീയതികളിൽ തിരുവനന്തപുരം ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വൈവ ഒക്ടോബർ 6, 7 തീയതികളിൽ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. സൈക്കോളജി പരീക്ഷയുടെ വൈവ ഒക്ടോബർ 11, 12 തീയതികളിലും കൗൺസിലിംഗ് സൈക്കോളജി പരീക്ഷയുടെ വൈവ ഒക്ടോബർ 13 നും അതാതു കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് പരീക്ഷ യുടെ വൈവ ഒക്ടോബർ 6, 7 തീയതികളിൽ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശ ദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ഒക്ടോബർ 17, 18, 19 തീയതികളിൽ ആരംഭിക്കുന്ന അഞ്ച്, മൂന്ന്, ഒന്ന് സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡെസ്സ്) പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 7 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 11 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 13 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ. (എസ്.ഡി. ഇ.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി ഒക്ടോബർ 6 മുതൽ 12 വരെയുള്ള പ്രവൃത്തി ദിനങ്ങ ളിൽ എം.എ. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.V (അഞ്ച്) ഹാജരാകേണ്ടതാണ്.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2022 ഒക്ടോബർ 7 മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു മൂന്നാം വർഷ ബി.എ. (ആന്വൽ) പാർട്ട് III മെയിൻ ആന്റ് സബ്സിഡിയറി പരീക്ഷകൾക്ക് തിരുവനന്തപുരം യൂണി വേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഓഫ്ലൈൻ വിദ്യാർത്ഥികൾ തോന്ന യ്ക്കൽ എം.ജെ. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലും, തിരുവനന്തപുരം ഗവ.ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഓഫ്ലൈൻ വിദ്യാർത്ഥികൾ നെല്ലിക്കാട് മദർ തെരേസ കോളേജിലും പരീക്ഷ എഴുതേണ്ടതാണ്.

നിലമേൽ എൻ.എസ്.എസ്. കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഓഫ്ലൈൻ വിദ്യാർത്ഥികൾ പുനലൂർ എസ്.എൻ.കോളേജിലും ഫാത്തിമ മാതാ നാഷണൽ കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഓഫ്ലൈൻ വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. പന്തളം എൻ.എസ്.എസ്. കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടു ള്ള ഓഫ്ലൈൻ വിദ്യാർത്ഥികൾ അടൂർ യു.ഐ.ടിയിൽ പരീക്ഷ എഴുതേണ്ടതാണ്. മറ്റു പരീക്ഷാകേ ന്ദ്രങ്ങളിൽ മാറ്റമില്ല.

കേരളസർവകലാശാലയുടെ ബി.കോം. ആന്വൽ സ്കീം പാർട്ട് III, അഡീഷണൽ ഇലക്ടീവ്, ആഗസ്റ്റ് 2022 (ഏപ്രിൽ/മെയ് സെഷൻ) യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചി ട്ടുള്ള വിദ്യാർത്ഥികൾ മുളയറ ബിഷപ്പ് ജേശുദാസൻ സി.എസ്.ഐ.ആർട്സ് ആന്റ് സയൻസ് കോളേ ജിലും കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലും പരീക്ഷ എഴുതേ ണ്ടതാണ്.

## SAI – LNCPE - എസ്.സി., എസ്.ടി. അഡ്മിഷൻ ടെസ്റ്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം SAI – LNCPE, കോളേ ജിലെ ബി.പി.എഡ്. (4 വർഷം) ഇന്നവേറ്റീവ് കോഴ്സിലേക്ക് ഒഴിവുള്ള എസ്.സി. (വനിതവിഭാഗം – 3 സീറ്റ്) & എസ്.ടി. (വനിതാവിഭാഗം – 1 സീറ്റ്) സീറ്റുകളിലേക്ക് കേരളത്തിൽ നിന്നും മാത്രം യോഗ്യത യുള്ള വിദ്യാർത്ഥികൾക്കായി അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ പ്രോസ്പെ ക്ടസിൽ പറയുന്ന നിശ്ചിത യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും ഫിറ്റ്നസ് തെളിയി ക്കുന്ന സർട്ടിഫിക്കറ്റുകളുടേയും (ഒറിജിനലും പകർപ്പും ) അഡ്മിഷൻ ടെസ്റ്റിന് പങ്കെടുക്കുന്നതി നായി ഒക്ടോബർ 7 ന് രാവിലെ 9 മണിക്ക് പ്രസ്തുത കോളേജിൽ എത്തിച്ചേരേണ്ടതാണ്. ഈ

വർഷത്തെ (2022 – 23) അഡ്മിഷൻ ടെസ്റ്റിന് മുമ്പ് പങ്കെടുത്ത വിദ്യാർത്ഥിനികൾ പങ്കെടുക്കേണ്ടതില്ല. വിശദവിവരങ്ങൾക്ക്: 0471 2412189.

തിരുവനന്തപുരം,
03.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**


| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675** |